Draft #2 of File 44041/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 16-Nov-2019 05:13 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർ വ്വകലാശാലയുടെ വിവിധ പഠന വകുപ്പുകളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്കായി തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ ക്വസ്റ്റിൻ ബാങ്കിൽ കൂടുതൽ ചോദ്യങ്ങൾ അപ്ലോഡ് ചെയ്യുന്നതുമായും ഓൺലൈൻ ക്വസ്റ്റിൻ ബാങ്കിനെക്കുറിച്ചുള്ള വിവിധ സംശയങ്ങൾ ദൂരീകരിക്കുന്നതുമായി ബന്ധപ്പെട്ട് 07.11.2019, 2.00 പി.എം. ന് ബഹു: വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൻറെ നടപടിക്കുറിപ്പ് അംഗീകരിച്ച് ഉത്തരവാകുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 5769/AC B 7/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 18.11.2019

---

പരാമർശം:-(1 ) സർവ്വകലാശാലയുടെ വിവിധ പഠന വകുപ്പുകളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്കായി തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ ക്വസ്റ്റിൻ ബാങ്കിൽ കൂടുതൽ ചോദ്യങ്ങൾ അപ്ലോഡ് ചെയ്യുന്നതുമായും ഓൺലൈൻ ക്വസ്റ്റിൻ ബാങ്കിനെക്കുറിച്ചുള്ള വിവിധ സംശയങ്ങൾ ദൂരീകരിക്കുന്നതുമായി ബന്ധപ്പെട്ടും ചർച്ച ചെയ്യുന്നതിനായി വൈസ് ചാൻസലറുടെ മിനി കോൺഫെറൻസ് ഹാളിൽ ഓൺലൈൻ ക്വസ്റ്റിൻ ബാങ്ക് തയ്യാറാക്കിയ സോഫ്റ്റ്വെയർ ടീമും, CAT പരീക്ഷാ കമ്മറ്റി അംഗങ്ങളും, വിവിധ പഠന വകുപ്പ് മേധാവിമാരും 07.11.2019, 2.00 പി.എം. ന് ബഹു: വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം

**ഉത്തരവ്**

ബഹു: വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ മേൽ പരാമർശം (1) കൂടിയ യോഗത്തിൽ താഴെ പറയുന്ന ശിപാർശകൾ തീരുമാനിച്ചു.

1 . CAT പരീക്ഷയ്ക്കായി മുൻ വർഷം 400 ചോദ്യങ്ങൾ ഉൾപ്പെടുത്തി ഓൺലൈൻ ക്വസ്റ്റിൻ ബാങ്ക് തയ്യാറാക്കിയിരുന്നു. CAT 2020 പരീക്ഷയ്ക്കായി നിലവിലുള്ള ഓൺലൈൻ ക്വസ്റ്റിൻ ബാങ്കിലെ ചോദ്യശേഖരം മുൻ വർഷം തയ്യാറാക്കിയ ചോദ്യങ്ങൾ ഉൾപ്പെടെ ജനുവരി 15 ന് മുൻപായി 1000 ചോദ്യങ്ങൾ ആയി വിപുലീകരിക്കുവാൻ ശിപാർശ ചെയ്യുന്നു.

2. മുൻ വർഷം ഓൺലൈൻ ചോദ്യ ബാങ്കിൽ ഒരു ചോദ്യ കർത്താവ് തയ്യാറാക്കുന്ന ചോദ്യങ്ങൾ കോ-ഓർഡിനേറ്റർ ഉൾപ്പെടെപ്രസ്തുത ചോദ്യപേപ്പർ തയ്യാറാക്കുന്നതിനായി ചുമതയുള്ള മറ്റ് ചോദ്യകർത്താക്കൾക്കും കാണുവാൻ സാധിച്ചിരുന്നു. ഇത് തയ്യാറാക്കുന്ന ചോദ്യങ്ങളുടെ രഹസ്യ സ്വഭാവം ഇല്ലാതാകുന്നതിന് സാധ്യതയുള്ളതിനാൽ ഓൺലൈൻ ക്വസ്റ്റിൻ ബാങ്കിൽ തയ്യാറാക്കുന്ന ചോദ്യങ്ങൾ ചോദ്യകർത്താവും കോ ഓർഡിനേറ്ററും ഒഴിച്ച് മറ്റ് ചോദ്യകർത്താക്കൾക്ക് കാണുവാൻ സാധിക്കാത്ത രീതിയിൽ ഓൺലൈൻ ക്വസ്റ്റിൻ ബാങ്ക് സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ ശിപാർശ ചെയ്യുന്നു.

3. ഓൺലൈൻ ചോദ്യബാങ്ക് സോഫ്റ്റ്‌വെയറിൽ നിലവിലുള്ള മൊഡ്യൂളുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ശിപാർശ ചെയ്യുന്നു.

4. സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പിലെ സയൻസ്, സയൻസിതര വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് പ്രത്യേകമായി ഓൺലൈൻ ക്വസ്റ്റിൻ ബാങ്കിനെക്കുറിച്ചുള്ള ട്രെയിനിങ് 13.11.19, 18.11.19 തീയതികളിൽ 4 സെഷനുകളിലായി സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസെസിൽവച്ച് നടത്തുവാൻ ശിപാർശ ചെയ്യുന്നു. പ്രസ്തുത ട്രെയിനിങിന് ഹാജരാകുന്ന അദ്ധ്യാപകർ നിർബന്ധമായുംലാപ്ടോപ് കൊണ്ടുവരേണ്ടതാണ്. ഏതെങ്കിലും സെഷനിലെ ട്രെയിനിങ്ങിന് പങ്കെടുക്കുവാൻ സാധിക്കാത്തഅദ്ധ്യാപകർക്ക് തുടർന്ന് നടക്കുന്ന സെഷനിൽ ട്രെയിനിങ്ങിന് പങ്കെടുക്കാവുന്നതാണ്.

5. അടുത്ത അധ്യയന വർഷത്തിലെ വിവിധ പഠന വകുപ്പികളിലെക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്ന രീതിയിൽ CAT 2020 പരീക്ഷ മെയ് ആദ്യ വാരം നടത്തുവാൻ ശിപാർശ ചെയ്യുന്നു.

6. CAT 2020 പരീക്ഷയ്ക്കായി തയ്യാറാക്കുന്ന പ്രോസ്പെക്ടസ് എല്ലാ പഠനവകു പ്പുകളിലേക്കും കൈമാറുവാനും പ്രസ്തുത പ്രോസ്പെക്ടസ് പരിശോധിച്ച് എന്തെങ്കിലും മാറ്റങ്ങൾ നിർദ്ദേശിക്കുവാനുണ്ടെങ്കിൽ പഠന വകുപ്പ് മേധാവിമാർ CAT (ACB VII) സെക്ഷനിൽ ഇക്കാര്യം രേഖാമൂലം അറിയിക്കണമെന്നും ശിപാർശ ചെയ്യുന്നു.

7. ഓൺലൈൻ ക്വസ്റ്റിൻ ബാങ്കിൽ ചോദ്യങ്ങൾ തയ്യാറാക്കുന്നതിനായി ഓരോ പഠന വകുപ്പിൽ നിന്നും ഒരു കോ- ഓർഡിനേറ്ററെ വീതംആവശ്യമുണ്ട്. ഇതിനായി ഓരോ പഠന വകുപ്പിൽ നിന്നും CAT 2020 പരീക്ഷയ്ക്കായി ചോദ്യങ്ങൾ തയ്യാറാക്കുന്നതിനായി അതാത് പഠന വകുപ്പി ൽ നിന്നുള്ള കോ - ഓർഡിനേറ്റർമാരുടെ ലിസ്റ്റ് പഠന വകുപ്പി മേധാവിമാർ CAT സെക്ഷനിൽ ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

8. മുൻ വർഷം വിവിധ പഠന വകുപ്പുകളിൽനിലവിലുള്ള സീറ്റുകൾക്ക് പുറമേ 20 % സീറ്റുകൾ അധികമായി ഓപ്പൺ ഓൾ ഇൻഡ്യ ക്വാട്ടയിലേക്കുള്ള പ്രവേശനത്തിനായി നീക്കിവച്ചിരുന്നു. പ്രസ്തുത ക്വാട്ടയിലേക്കുള്ള പ്രവേശനനത്തിനായി Concerned Competent authority ൽ നിന്നുള്ള നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ആണ് മാനദണ്ഡമായി കണക്കാക്കിയിരുന്നത്. അടുത്ത അധ്യയന വർഷത്തെ ഓപ്പൺ ഓൾ ഇൻഡ്യ ക്വാട്ടയിലേക്കുള്ള പ്രവേശനത്തിനായി നിലവിലുള്ള രീതിതന്നെപിൻതുടരുവാൻ ശിപാർശ ചെയ്യുന്നു.

യോഗത്തിലെ ശിപാർശകൾ ബഹു: വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവു പുറപ്പെടുവിക്കുന്നു.

Draft #2 of File 44041/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 16-Nov-2019 05:13 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ പഠന വകുപ്പ് മേധാവിമാർക്കും
2. വൈസ് ചാൻസലറുടെയും പ്രോ - വൈസ് ചാൻസലറുടെയും പി.എസ്സമാർ
3. രജിസ്ട്രാറുടെയും പരീക്ഷാ കോൺട്രോളറുടെയും പി.എമാർ
4. ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)
5. എ.ആർ 4 (അക്കാദമിക്), CAT പരീക്ഷ കമ്മറ്റി അംഗങ്ങൾ

Draft #2 of File 44041/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 16-Nov-2019 05:13 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം